ഇവിടെ പരിശോധിക്കാൻ സാധിച്ചിരുന്നത്. എറണാകുളത്തെ റീജിയണൽ ലാബിന്റെ പ്രവർത്തനത്തോടെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മരുന്നു പരിശോധനാ ലാബുകൾ 2 എണ്ണം ആയതോടെ വിപണിയിൽ വിതരണം ചെയ്യുന്ന കൂടുതൽ മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കുന്നുണ്ട്.

ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം

156 (821) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ചത് എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിന് 30,25,000 രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 16,22,851 രൂപയുടെ രാസവസ്തുക്കളും യന്ത്രോപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

മൈക്രോബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനം

157 (822) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രഗ്സ് കൺട്രോൾ ലാബിലെ പുതിയ മൈക്രോ ബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനത്തിന് എത്ര ഫണ്ട് വിനിയോഗിച്ചു ; കേന്ദ്ര സ്റ്റേറ്റ് ഫണ്ട് തിരിച്ചു വിവരം ലഭ്യമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനം ടെണ്ടർ നടപടിയിലൂടെ ആയിരുന്നോ ; എത്ര ടെൻഡർ ലഭിച്ചു ; ആരാണ് നിർമ്മാണ പ്രവർത്തനം നടത്തിയത് ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കരാർ പ്രകാരം നിർമ്മാണം കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) ഉടമ്പടിയിലുണ്ടായിരുന്ന ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ ; പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് സാക്ഷ്യപ്പെട്ടുത്തിയിട്ടുണ്ടോ ;

(ഇ) നവീകരിച്ച ലാബിൽ മരുന്ന് പരിശോധന നടക്കുന്നുണ്ടോ ; എങ്കിൽ നാളിതുവരെ എത്ര സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട് ;

(എഫ്) ലാബിൽ മൈക്രോ ബയോളജിസ്റ്റ് തസ്തികയുണ്ടോ ; ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമപ്രകാരം പ്രസ്തുത തസ്തിക ആവശ്യമുണ്ടോ ;

(ജി) മൈക്രോ ബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനത്തിൽ എന്തെങ്കിലും അപാകത സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എന്തായിരുന്നു ; ആയത് പരിഹരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ സ്ഥാപിച്ചിട്ടുള്ള പുതിയ മൈക്രോബയോളജി ലബോറട്ടിയുടെ നിർമ്മാണ പ്രവർത്തനത്തിനായി 1,15,10,785 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ 32,56,533 രൂപ കേന്ദ്ര ഫണ്ടും 82,54,252 രൂപ സ്റ്റേറ്റ് ഫണ്ടുമാണ്.

(ബി) തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ സ്ഥാപിച്ച പുതിയ മൈക്രോബയോളജി ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനം ടെണ്ടർ നടപടിയിലൂടെ അല്ലായിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് വഴിയാണ് നിർമ്മാണ പ്രവർത്തനം നടത്തിയത്.

(സി) ഇല്ല. കരാറിലെ കാലാവധി കഴിഞ്ഞിട്ടാണ് നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് ലാബ് ഉദ്ഘാടനം നടത്തിയത്.

(ഡി) ഒരു മൈക്രോബയോളജി ലബോറട്ടറി പ്രവർത്തിപ്പിക്കുന്നതിന് അടിസ്ഥാനപരമായിവേണ്ട ഉപകരണങ്ങൾ ലാബ് സജ്ജമാക്കുമ്പോൾ തന്നെ സ്ഥാപിക്കേണ്ടതുണ്ട്. ഇവ ഇല്ലാതെ മൈക്രോബയോളജി ലാബിന്റെ പ്രവർത്തനം സാധ്യമല്ല. ഇത്തരത്തിലുള്ള എല്ലാ ആധുനിക ഉപകരണങ്ങളും ഉൾപ്പെടെയാണ് എച്ച്.എൽ.എൽ. ഡ്രഗ്സ് കൺട്രോളർ ലൈഫ് കെയർ ലിമിറ്റഡ് പ്രസ്തുത ലാബ്

LIBRARY ARCHIVES Kerala Legislative Assembly

സജ്ജമാക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള ഉപകരണങ്ങൾ എല്ലാം സ്ഥാപിച്ച് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ എച്ച്.എൽ.എൽ. ഡ്രഗ്സ് കൺട്രോളർ മുഖേന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് കൈമാറിയിട്ടുണ്ട്.

(ഇ) മൈക്രോബയോളജി ലാബിൽ നടക്കുന്ന പരിശോധനയ്ക്ക് മുമ്പായി അണുവിമുക്തമാക്കേണ്ടതും ഉപകരണത്തിന്റെ വാലിഡേഷൻ നടത്തേണ്ടതുമാണ്. അക്കാര്യങ്ങൾ ഇപ്പോൾ അവസാന ഘട്ടത്തിലാണ്. ഇപ്പോൾ പഴയ മൈക്രോ ബയോളജി ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്.

(എഫ്) ഇല്ല. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിമയപ്രകാരം പ്രസ്തുത തസ്തിക അനിവാര്യമല്ല.

(ജി) മൈക്രോബയോളജി ലാബ് പ്രവർത്തിക്കുന്നതിന് തുടക്കത്തിൽ ചില ചെറിയ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. AHU, Gas line, Fire Safety Alarm എന്നിവയ്ക്ക് അപാകതകൾ കണ്ടെത്തിയിരുന്നു. ആയത് പരിഹരിച്ചിട്ടുണ്ട്. കൂടാതെ മൈക്രോബയോളജി ലാബിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രോപകരണങ്ങളുടെ ആധികാരികമായ രേഖകളും അധികമായി ആവശ്യമായ ചില പരിശോധനാ സൗകര്യങ്ങളും ആവശ്യമാണെന്ന് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ലാബ് സ്ഥാപിച്ച എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനെ അറിയിക്കുകയും പ്രസ്തുത സ്ഥാപനം തന്നെ നിയമാനുസൃതമായി പ്രസ്തുത കാര്യങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി

158 (823) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മങ്കടയിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly